(ബി) എങ്കിൽ പരാതി സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലം ആർക്കെങ്കിലും ലീസിനോ മറ്റോ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എപ്പോൾ നല്കിയെന്നും ഇതിന്റെ വ്യവസ്ഥകളെന്തൊക്കെയെന്നും വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ സർക്കാരിന് ഭീമമായ തുക നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്ന വിധം സ്വകാര്യ വ്യക്തികൾ കയ്യേറിയ കരിങ്കൽ ക്വാറിക്കെതിരെ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) ഇതിനെ സംബന്ധിച്ച് ക്വാറിയ ന്ന്യായിച്ച് തരുവാൻ വൈത്തിരി തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട.

(സി) പൊതുമരാമത്ത് വകുപ്പിൽ നിന്നും ലീസിന് നൽകിയിട്ടില്ല.

(ഡി ആന്റ് ഇ) ഇതു സംബന്ധിച്ച വിവരം റവന്യൂ വകുപ്പിൽ നിന്നും ശേഖരിച്ചു വരുന്നു.

എസ്. എച്ച്.-38 റോഡ്

47 [2936] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എച്ച്-38 റോഡ് പല സ്ഥലങ്ങളിലും കുണ്ടും കുഴിയും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്. എച്ച്.-38-ൽ കണ്ണൂർ ജില്ലയിൽപ്പെടുന്ന പൂക്കോട്—മേനപ്രം-പെരിങ്ങത്തൂർ റോഡിൽ എന്തെല്ലാം പ്രവർത്തികളാണ് നടപ്പ് സാമ്പത്തിക വർഷം ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ;

(സി) മേക്കുന്ന്-പെരിങ്ങത്തൂർ റോഡ് ഉപരിതലം ഉയർത്തി ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പുക്കോട്-മേനപ്രം-പെരിങ്ങത്തൂർ റോഡിൽ നടപ്പ് സാമ്പത്തിക വർഷം ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. കി. മീ. 2 മുതൽ 3 വരെ ഉപരിതലം പുതുക്കൽ (7 ലക്ഷം രൂപ)— പണി പൂർത്തിയായി.
2. കി. മീ. 3 മുതൽ 4 വരെ ഉപരിതലം പുതുക്കൽ (8 ലക്ഷം രൂപ)— പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.
3. കി. മീ. 6 മുതൽ 6.750 വരെ ഉപരിതലം പുതുക്കൽ (5.50 ലക്ഷം രൂപ)— 16-3-2005 അവസാന തീയതി വച്ച് ടെണ്ടർ വിളിച്ചു.
4. പാനൂർ ടൗണിൽ ഡ്രെയിനേജ് നിർമ്മാണം (5 ലക്ഷം രൂപ)— പണി പൂർത്തിയായി വരുന്നു.

(സി) മേക്കുന്ന്-പെരിങ്ങത്തൂർ ഭാഗം ഇപ്പോൾ ഗതാഗത യോഗ്യമാണ്.

കണ്ണൂർ ജില്ലയിലെ തേർളായി, കോർളായി പാലങ്ങൾ

48 [2937] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തേർളായി, കോർളായി ദ്വീപുകളെ മറുകരയുമായി ബന്ധിപ്പിക്കുന്ന പാലങ്ങളുടെ നിർമ്മാണം ഏതു ഘട്ടംവരെയായി എന്ന് അറിയിക്കാമോ;

(ബി) ഈ പാലങ്ങളുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തേർളായി പാലത്തിന്റെ പണി പുരോഗമിക്കുന്നു. കോർളായി പാലത്തിന്റെ ടെന്റർ സ്വീകരിച്ചു കഴിഞ്ഞു.

(ബി) തേർളായി പാലം ഒൻപതു മാസത്തിനകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോർളായി പാലം നിർമ്മാണം ആരംഭിച്ച് ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly